ഉത്തരം

(എ-സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

81 (2900) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ ജീവൻ എന്ന കുട്ടി മരണപ്പെട്ടതിനെത്തുടർന്ന് പിതാവായ ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ ധനസഹായത്തിന് അപേക്ഷ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല എന്ന കാര്യം അറിയുമോ ;

(സി) തുക എന്നത്തേക്ക് അനുവദിച്ച് ഉത്തരവ് നൽകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ തന്റെ മകന്റെ മരണത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

82 (2901) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ മുളങ്ങ് എന്ന പ്രദേശത്ത് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly